# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 13.03.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1.) രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂ ഡൽഹിയിൽ തിരിച്ചെത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം 'തന്ത്രപരമായ പങ്കാളിത്ത' ത്തിലേക്ക് ഉയർത്താൻ തീരുമാനം.

**Prime Minister Narendra Modi returned to New Delhi after completing a two-day visit to Mauritius. It has been decided to elevate the bilateral relations between the two countries to a 'strategic partnership'.**

2.) ലോക ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടിയായ **WAVES** ന് മുന്നോടിയായി കേന്ദ്ര സർക്കാർ നടത്തുന്ന ആഗോളതല പ്രചാരണ പരിപാടിയിൽ കേന്ദ്ര മന്ത്രിമാരായ എസ്.ജയ്ശങ്കർ, അശ്വിനി വൈഷ്ണവ് തുടങ്ങിയവർ ഇന്ന് പങ്കെടുക്കും.

**External Affairs Minister Dr. S. Jaishankar and Information and Broadcasting Minister Ashwini Vaishnaw will reach out to the global community in New Delhi today, ahead of the World Audio Visual and Entertainment Summit (WAVES) 2025.**

3.) ചരിത്ര പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല ഇന്ന്. ഭക്തി സാന്ദ്രമായി തിരുവനന്തപുരം.

**The historic Attukal Pongala will happen today in Thiruvananthapuram, Kerala.**

4.) പാകിസ്ഥാനിൽ വിഘടനവാദികൾ റാഞ്ചിയ ട്രെയിനിൽ ബന്ദികളാക്കിയ 345 ഓളം പേരെ മോചിപ്പിച്ചതായി സുരക്ഷാ സേന.

Security forces confirmed that they have freed about 345 people held hostage on a train hijacked by separatists in Pakistan.

5.) ഐ.എസ്.എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - ഹൈദരാബാദ് എഫ്.സി മത്സരം സമനിലയിൽ.

In ISL football, the Kerala Blasters – Hyderabad FC match ended in a draw.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## INDIA -MAURITIUS (INTRO)

രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി

ന്യൂഡൽഹിയിൽ തിരിച്ചെത്തി. ഇന്ത്യ- മൗറീഷ്യസ് ഉഭയകക്ഷി ബന്ധം 'തന്ത്രപരമായ പങ്കാളിത്ത' ത്തിലേക്ക് ഉയർത്താൻ സന്ദർശനത്തിൽ തീരുമാനമായി. സമുദ്ര സുരക്ഷ ഉൾപ്പെടെയുള്ള മേഖലകളിലെ സഹകരണം മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക കറൻസികളിൽ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള എട്ട് കരാറുകളിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു.

വിശദാംശങ്ങളിലേയ്ക്ക്.........
(വോയിസ്)

## INDIA -MAURITIUS (VOICE)

മൗറീഷ്യസിലെ പോർട്ട് ലൂയിസിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും മൗറീഷ്യസ് പ്രധാനമന്ത്രി ഡോ. നവീൻചന്ദ്ര രാംഗൂലവും തമ്മിൽ നടന്ന പ്രതിനിധിതല ചർച്ചകളിലാണ് തീരുമാനം. ചർച്ചകൾക്ക് ശേഷം, ഗ്ലോബൽ സൗത്ത്

രാജ്യങ്ങൾക്കായുള്ള ഇന്ത്യയുടെ പുതിയ ദർശനം ശ്രീ.മോദി പ്രഖ്യാപിച്ചു. സന്ദർശന വേളയിൽ മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷത്തിൽ പ്രധാനമന്ത്രി മുഖ്യാതിഥിയായി പങ്കെടുത്തു. ചടങ്ങിൽ വച്ച് ഇന്ത്യ-മൗറീഷ്യസ് പങ്കാളിത്തത്തിന് നൽകിയ മികച്ച സംഭാവനകൾ പരിഗണിച്ച് ശ്രീ.മോദിക്ക് മൗറീഷ്യസിന്റെ പരമോന്നത സിവിലിയൻ ബഹുമതി സമ്മാനിച്ചു. അടൽ ബിഹാരി വാജ്പേയി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് സർവീസ് ആൻഡ് ഇന്നൊവേഷൻ പ്രധാനമന്ത്രി മോദിയും പ്രധാനമന്ത്രി രാംഗൂലവും സംയുക്തമായി ഉദ്ഘാടനം ചെയ്തു. പഠനം, ഗവേഷണം, പൊതുസേവനം എന്നിവയ്ക്കുള്ള കേന്ദ്രമായി ഇത് പ്രവർത്തിക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.....

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## PARLIAMENT

ലോക്സഭയുടെ അംഗീകാരം ലഭിച്ചതോടെ 2024 ലെ എണ്ണപ്പാട നിയന്ത്രണ, വികസന ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി. 1948 ലെ എണ്ണപ്പാട നിയന്ത്രണ, വികസന നിയമം ഭേദഗതി ചെയ്യുന്നതിനായാണ് ബിൽ കൊണ്ടുവന്നത്. പ്രകൃതിദത്ത ഹൈഡ്രോകാർബൺ, കോൾ ബെഡ് മീഥെയ്ൻ, ഷെയ്ൽ ഗ്യാസ് എന്നിവ ഉൾപ്പെടുന്ന മിനറൽ ഓയിലുകളുടെ നിർവചനം ബിൽ വിപുലീകരിക്കുന്നു. നിലവിൽ 40 രാജ്യങ്ങളിൽ നിന്നാണ് പെട്രോളിയം, പ്രകൃതിവാതകങ്ങൾ ഇന്ത്യ ഇറക്കുമതി ചെയ്യുന്നതെന്ന് ലോക്സഭയിൽ നടന്ന ചർച്ചകൾക്ക് മറുപടി പറയവേ മന്ത്രി ഹർദീപ് സിംഗ് പുരിപറഞ്ഞു. ഹോളി അവധി പ്രമാണിച്ച് ലോക്സഭയും രാജ്യസഭയും ഇന്നും നാളെയും ചേരില്ല.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## WAVES

2025 മെയ് 1 മുതൽ മുംബൈയിൽ നടക്കുന്ന ലോക ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടിയായ WAVES ന് മുന്നോടിയായി ആഗോളതലത്തിൽ കേന്ദ്ര സർക്കാർ പ്രചാരണം നടത്തും. ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ മാധ്യമ, വിനോദ മേഖലയുടെ സമന്വയത്തിന് വഴിയൊരുക്കുന്ന ആഗോള വേദി എന്ന നിലയിലുള്ള WAVES ൻറെ നേട്ടങ്ങൾ വിശദമാക്കും. കേന്ദ്ര മന്ത്രിമാരായ ഡോ. എസ്. ജയ്ശങ്കർ, അശ്വിനി വൈഷ്ണവ്, കേന്ദ്ര സഹമന്ത്രി ഡോ. എൽ. മുരുകൻ തുടങ്ങിയവർ സംബന്ധിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## VAISHNAW-STARLINK

ഇന്ത്യൻ വിപണിയിൽ പ്രവേശിക്കാൻ തയ്യാറെടുക്കുന്ന സ്പേസ് എക്സ് സ്റ്റാർലിങ്കിന് സ്വാഗതം ചെയ്ത് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. വിദൂര മേഖലകളിലെ റെയിൽവേ പദ്ധതികൾക്ക് ഇത് ഉപയോഗപ്രദമാകുമെന്ന് സാമൂഹ്യമാധ്യമത്തിൽ പങ്കുവെച്ച പോസ്റ്റിൽ ശ്രീ വൈഷ്ണവ് കുറിച്ചു. സ്റ്റാർലിങ്കിന്റെ സേവനങ്ങൾ സംയോജിപ്പിക്കുന്നതിനായി രണ്ട് ഇന്ത്യൻ ടെലികോം കമ്പനികൾ സ്പേസ് എക്സുമായി പങ്കാളിത്തം പ്രഖ്യാപിച്ചതിന് പിന്നാലെയാണ് കേന്ദ്രമന്ത്രി ആശംസ അറിയിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## DEFENCE MINISTRY ACQUISITION

ഡിആർഡിഒ തദ്ദേശീയമായി വികസിപ്പിച്ച ലോ-ലെവൽ ട്രാൻസ്പോർട്ടബിൾ റഡാർ, അശ്വിനി വാങ്ങുന്നതിനായി പ്രതിരോധ മന്ത്രാലയം ഗാസിയാബാദിലെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി 2,906 കോടി

രൂപയുടെ കരാറിൽ ഒപ്പുവച്ചു. ഇന്ത്യയുടെ വ്യോമ നിരീക്ഷണ ശേഷി വർദ്ധിപ്പിക്കുന്നതിനായി നിർമിച്ച റഡാർ രാജ്യത്തിന്റെ പ്രതിരോധ സാങ്കേതികവിദ്യയിലെ സ്വയംപര്യാപ്തതയിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പാണ്. അതിവേഗ യുദ്ധവിമാനങ്ങൾ മുതൽ ആളില്ലാ ആകാശ വാഹനങ്ങൾ വരെ നിരീക്ഷിക്കാൻ റഡാറിന് കഴിയും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## OM BIRLA-MADAGASCAR DELEGATION

ദുരന്തസാഹചര്യങ്ങളിൽ ഉൾപ്പെടെ അയൽ രാജ്യങ്ങൾക്ക്, സഹായം നൽകുന്നതിൽ ഇന്ത്യ എപ്പോഴും മുൻപന്തിയിലാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. മഡഗാസ്കറിന്റെ ദേശീയ അസംബ്ലി പ്രസിഡന്റ് ജസ്റ്റിൻ ടോക്ലി-യുടെ നേതൃത്വത്തിൽ മഡഗാസ്കറിൽ നിന്നുള്ള പാർലമെന്ററി പ്രതിനിധി സംഘവുമായി ന്യൂഡൽഹിയിൽ നടത്തിയ ഉഭയകക്ഷി കൂടിക്കാഴ്ചയിലാണ് ശ്രീ ബിർള ഇത് വ്യക്തമാക്കിയത്. വ്യാപാരം, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയിൽ ഇന്ത്യയും മഡഗാസ്കറും ആഴത്തിലുള്ള ബന്ധം പങ്കിടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## IIP- JANUARY

വ്യാവസായിക ഉൽപ്പാദന സൂചിക പ്രകാരം ഇന്ത്യയുടെ വ്യാവസായിക ഉൽപ്പാദന വളർച്ച ജനുവരി മാസം 5 ശതമാനമായി ഉയർന്നു. ഡിസംബറിൽ ഇത് 3.2 ശതമാനമായിരുന്നു. സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെൻറേഷൻ മന്ത്രാലയം പുറത്തിറക്കിയ റിപ്പോർട്ടിലാണ് ഇക്കാര്യം പ്രതിപാദിക്കുന്നത്. ജനുവരിയിലെ കണക്കനുസരിച്ച് ഐഐപിയുടെ മൂന്ന് പ്രധാന

ഘടകങ്ങളിൽ, ഉൽപ്പാദനം 5.5 ശതമാനവും, ഖനന പ്രവർത്തനങ്ങൾ 4.4 ശതമാനവും, വൈദ്യുതി ഉൽപ്പാദനം 2.4 ശതമാനവും വളർന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## EU-US

ഏപ്രിൽ 1 മുതൽ അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് തീരുവ ചുമത്തുമെന്ന് യൂറോപ്യൻ കമ്മീഷൻ. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുടെ സ്റ്റീൽ, അലുമിനിയം ഉത്പന്നങ്ങൾക്ക് അമേരിക്ക 25 ശതമാനം വരെ തീരുവ ഏർപ്പെടുത്തിയിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ യൂറോപ്പിന്റെ വ്യവസായങ്ങളെ സംരക്ഷിക്കാനാണ് നടപടിയെന്ന് കമ്മിഷൻ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## INVEST KERALA- P.RAJEEV

അന്തിമ കണക്കനുസരിച്ച് ഇൻവെസ്റ്റ് കേരള ഉച്ചകോടിയിൽ 1.97 ലക്ഷം കോടിയുടെ നിക്ഷേപമെത്തിയെന്ന് മന്ത്രി പി.രാജീവ് നിയമസഭയിൽ പറഞ്ഞു. 5 ലക്ഷത്തി 59,144 തൊഴിലവസരങ്ങളിലാണ് ഇതിലൂടെ സൃഷ്ടിക്കപ്പെടുകയെന്നും മന്ത്രി വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ATTUKAL PONKALA (INTRO)

ചരിത്ര പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല ഇന്ന്. ആറ്റുകാൽ ദേവിക്ക് പൊങ്കാല അർപ്പിക്കാൻ പതിനായിരങ്ങളാണ് പ്രാർത്ഥനയോടെ കാത്തിരിക്കുന്നത്. തലസ്ഥാന നഗരിയിലാകെ വലിയ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

ഒരു റിപ്പോർട്ട്.......

(വോയിസ്)

**ATTUKAL PONKALA (VOICE)**

9.45 ന് ശുദ്ധപുണ്യാഹത്തോടെയാണ് ചടങ്ങുകൾ ആരംഭിക്കുന്നത്. കണ്ണകി ചരിതത്തിൽ പാണ്ഡ്യ രാജാവിന്റെ വധം പരാമർശിക്കുന്ന ഭാഗം തോറ്റംപാട്ടുകാർ ആലപിച്ചാലുടനെ, തന്ത്രി പരമേശ്വരൻ വാസുദേവൻ ഭട്ടതിരിപ്പാടിന്റെ സാന്നിധ്യത്തിൽ മേൽശാന്തി വി.മുരളീധരൻ നമ്പൂതിരി ശ്രീകോവിലിൽ നിന്നു ദീപം പകർന്നു ക്ഷേത്ര തിടപ്പള്ളിയിലെ പൊങ്കാല അടുപ്പിൽ പകരും. ഉച്ചയ്ക്ക് 1.15 നാണ് പൊങ്കാല നിവേദ്യം. പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയതായി പൊലീസ് അറിയിച്ചു. ഇന്നലെ ഉച്ച മുതൽ നഗരത്തിൽ ഏർപ്പെടുത്തിയ ഗതാഗത നിയന്ത്രണം പൊങ്കാല കഴിയും വരെ തുടരും. കുടിവെള്ള വിതരണവും അന്നദാനവും നടത്തുന്നിടത്ത് ആരോഗ്യവകുപ്പ് പ്രത്യേക പരിശോധനകൾ നടത്തും. ഭക്തജനങ്ങളുൾപ്പെടെ എല്ലാവരും ഹരിത ചട്ടങ്ങൾ പാലിക്കണമെന്ന് നഗരസഭ നിർദ്ദേശിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി.....

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**VEENA GEORGE-KSEB**

സംസ്ഥാനത്ത് ചൂട് വളരെ കൂടുതലായതിനാൽ പൊങ്കാലയിടുന്നവർ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ആരോഗ്യ വകുപ്പ്. ക്ഷീണം, തലവേദന, തലകറക്കം, ശ്വാസതടസം തുടങ്ങിയവ ഉണ്ടായാൽ തണലത്തേക്ക് മാറുകയും വൈദ്യസഹായം തേടുകയും വേണമെന്നും നിർദ്ദേശിച്ചു. പൊങ്കാല ഇടുന്ന ഭക്തർ ട്രാൻസ്ഫോർമറുകൾ, അനുബന്ധ ഉപകരണങ്ങൾ,

പോസ്റ്റുകളിൽ ഘടിപ്പിച്ചിരിക്കുന്ന ഫ്യൂസ് യൂണിറ്റുകൾ എന്നിവയിൽ നിന്നും സുരക്ഷിത അകലം പാലിക്കണമെന്ന് കെ എസ് ഇ ബിയും മുന്നറിയിപ്പ് നൽകി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## BALOCH TRAIN HIJACK

പാകിസ്ഥാനിൽ ട്രെയിനിൽ ഭീകരർ ബന്ദികളാക്കിയ 345 ഓളം പേരെ മോചിപ്പിച്ചു. ബലൂച് ലിബറേഷൻ ആർമിയാണ് 400 ലധികം യാത്രക്കാരുമായി സഞ്ചരിച്ചിരുന്ന ട്രെയിൻ റാഞ്ചിയത്. 50 ഭീകരർ കൊല്ലപ്പെട്ടതായി പാകിസ്ഥാൻ സൈന്യം അറിയിച്ചു. രക്ഷാപ്രവർത്തനം പുർത്തിയായതായി സുരക്ഷാ സേന അറിയിച്ചു. ബലൂചിസ്ഥാന്റെ സ്വാതന്ത്ര്യത്തിനായി സായുധ പോരാട്ടം നടത്തുന്ന വിഘടനവാദ സംഘടനയാണ് ബലൂച് ലിബറേഷൻ ആർമി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## I S L

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്നലെ നടന്ന കേരള ബ്ലാസ്റ്റേഴ്സ് - ഹൈദരാബാദ് എഫ്.സി മത്സരം സമനിലയിൽ അവസാനിച്ചു. ഇരു ടീമുകളും ഓരോ ഗോളുകൾ വീതം നേടി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## WPL-CRICKET

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് നടക്കുന്ന എലിമിനേറ്റർ മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ജയന്റ്സിനെ നേരിടും. രാത്രി 7.30 ന് മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിലാണ് മത്സരം. 10 പോയിന്റുമായി ഒന്നാം

സ്ഥാനത്തുള്ള ഡൽഹി ക്യാപിറ്റൽസ് ഇതിനകം ടൂർണമെന്റിന്റെ ഫൈനലിൽ സ്ഥാനം ഉറപ്പിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## RUSSIA-UKRAINE-US TALKS

അമേരിക്കയും യുക്രൈനും തമ്മിൽ നടന്ന വെടിനിർത്തൽ ചർച്ച സംബന്ധിച്ച് അമേരിക്കയിൽ നിന്ന് കൂടുതൽ വിവരങ്ങൾക്കായി റഷ്യ കാത്തിരിക്കുകയാണെന്ന് ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് പറഞ്ഞു. സൗദിയിലെ ജിദ്ദയിൽ നടന്ന സംഭാഷണങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ നയതന്ത്ര മാർഗങ്ങളിലൂടെ കൈമാറുമെന്ന് യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൾട്ട്സും അറിയിച്ചതായും ക്രെംലിൻ വക്താവ് പറഞ്ഞു . 30 ദിവസത്തെ, ഇടക്കാല വെടിനിർത്തലിനുള്ള യു.എസ് നിർദ്ദേശം അംഗീകരിക്കാൻ യുക്രൈൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## DIGIYATRA

കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഡിജിയാത്ര പദ്ധതിയിൽ തിരുവനന്തപുരം, മംഗളൂരു അന്താരാഷ്ട്ര വിമാനത്താവളങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതായി അദാനി എയർപോർട്ട്സ് ലിമിറ്റഡ്. മുഖം തിരിച്ചറിയൽ സാങ്കേതിക വിദ്യയിലൂടെ യാത്രക്കാർക്ക് കടലാസ് രഹിതവും, തടസ്സരഹിതവുമായ യാത്രാനുഭവം ഡിജിയാത്രയിലൂടെ ലഭിക്കും. വിവിധ ടച്ച് പോയിൻറുകളിലെ കാത്തിരിപ്പ് സമയം കുറയ്ക്കാനും ഡിജിയാത്ര സഹായിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$